29/12/21
14/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.1445(4)/*2012*/*എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.8954/*എസ്.ഐ.സി–ജി 2/2012*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

തീയതി: 14-12-2021

ശ്രീ. പി.കെ. ശ്രീധരൻ നായർ,
പാർവ്വതി നിലയം, നന്ത്യാട്ടുകുന്നം
നോർത്ത് പറവൂർ, എറണാകുളം 688 513 — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
   വാണിജ്യനികുതി ഓഫീസറുടെ കാര്യാലയം
   നോർത്ത് പറവൂർ
2. അപ്പീൽ അധികാരി & വാണിജ്യ നികുതി
   ഡെപ്യൂട്ടി കമ്മീഷണർ, വാണിജ്യ നികുതി
   ഡെപ്യൂട്ടി കമ്മീഷണറുടെ കാര്യാലയം, മട്ടാഞ്ചേരി

— എതിർകക്ഷികൾ

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരൻ 22-09-2011 ൽ നൽകിയ വിവരാവകാശ അപേക്ഷക്ക് കൃത്യമായി മറുപടി ലഭിച്ചില്ലാ എന്നു ചൂണ്ടിക്കാട്ടി ആണ് 23-06-2012 ൽ കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 06-03-2019 ൽ എറണാകുളം കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ പങ്കെടുത്തില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

നന്ത്യാട്ടുകുന്നം ഗാന്ധി സ്മാരക ഗ്രാമസേവാ കേന്ദ്രവുമായി ബന്ധപ്പെട്ട വരവ്, ചെലവ് അടക്കമുള്ള കാര്യങ്ങളാണ് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് എന്നും, ഗാന്ധി സ്മാരകത്തിന് ഓഡിറ്റിംഗ് നിർബന്ധമല്ലാത്തതു കൊണ്ട് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ കഴിയാത്ത സാഹചര്യം ആണെന്നും, പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ സർവ്വീസിൽ നിന്നും വിരമിച്ചു എന്നും, ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷി മൊഴി നൽകി.

3. അപ്പീൽ ഹർജിക്കാരന്റെ ഹർജി 9 വർഷത്തിലേറെ പഴക്കമുള്ളതുകൊണ്ടും, ഒടുവിൽ നടത്തിയ ഹിയറിംഗിൽ ടിയാൻ പങ്കെടുക്കാതിരുന്നതുകൊണ്ടും, ഇതിൽ ആവശ്യപ്പെട്ട വിവരങ്ങൾ നിയമപരമായി ലഭ്യമല്ലാത്തതാണ് എന്നുമുള്ള ഒന്നാം എതിർകക്ഷിയുടെ വാദം അംഗീകരിച്ചുകൊണ്ടും, അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം ഡിസംബർ 14, 2021 ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

pre